LIBRARY ARCHIVES Kerala Legislative Assembly

ചാത്തന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

70(3501) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

കിഫ്ബി നാളിതുവരെ ധനാനുമതി നൽകിയ ചാത്തന്നൂർ മണ്ഡലത്തിലെ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത കിഫ്ബി പദ്ധതികളിൽ ഏതെല്ലാം പൂർത്തീകരിച്ചെന്നും നിർവ്വഹണത്തിലുള്ളവ ഏതെല്ലാമെന്നും അറിയിക്കാമോ?

പ്രസ്തുത മണ്ഡലത്തിലെ പൂർത്തീകരിച്ചതും ഇപ്പോൾ നിർവ്വഹണം നടക്കുന്നതുമായ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കിഫ്ബി പദ്ധതികളിൽ നിലവിൽ പൂർത്തീകരിക്കാത്തതും ഇനിയും ആരംഭിക്കാത്തതുമായ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പ്രസ്തുത മണ്ഡലത്തിലെ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളിൽ പൂർത്തീകരിക്കാത്തതും ഇനിയും ആരംഭിക്കാത്തതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

കെ.ആർ.എഫ്.ബി. മുഖേന നടത്തുന്ന പ്രവൃത്തികൾ

71(3502) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനകാര്യ അനുമതി നൽകിയതും പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണം നടന്നുവരുന്നതുമായ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം, കിഫ്ബിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായ കേരള റോഡ് ഫണ്ട് ബോർഡിനെ ഏൽപ്പിച്ചിട്ടുണ്ടോ?

ഭരണ വകുപ്പുകൾ നിയമിക്കുന്ന എസ്.പി.വി.-കളാണ് കിഫ്ബി സഹായത്തോടെയുള്ള പദ്ധതികളുടെ നിർവ്വഹണം നടത്തുന്നത്. അത്തരത്തിൽ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് വകുപ്പ് നിയമിച്ചിരിക്കുന്ന എസ്.പി.വി.-യാണ് കേരള റോഡ് ഫണ്ട് ബോർഡ്. പ്രസ്തുത എസ്.പി.വി.- സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുണ്ട്. കിഫ്ബിക്ക് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളോ പദ്ധതികളുടെ നേരിട്ടുള്ള നിർവ്വഹണ ഉത്തരവാദിത്തമോ ഇല്ല.

(ബി) എങ്കിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഇത്തരത്തിലുള്ള ഏതൊക്കെ പ്രവൃത്തികളാണ് കെ.ആർ.എഫ്.ബി. മുഖേന നിർമ്മാണം നടത്തുന്നതിന് ഉത്തരവായിട്ടുള്ളതെന്ന് അറിയിക്കാമോ?

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളതും കേരള റോഡ് ഫണ്ട് ബോർഡ് എസ്.പി.വി. ആയിട്ടുള്ളതുമായ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

ചരക്ക് സേവന നികുതി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥ തസ്തികകൾ

72(3503) ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് നികുതി പിരിവിനെ പ്രതികൂലമായി ബാധിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ജീവനക്കാരുടെ വിരമിക്കൽമൂലമുണ്ടായ ജോയിന്റ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ എന്നീ തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് യോഗ്യരായവർക്ക് സർക്കാർ പ്രൊമോഷൻ നൽകി നികത്തിയിട്ടുണ്ട്. അസിസ്റ്റന്റ് കമ്മീഷണർ/സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിലുണ്ടായ ഒഴിവുകൾ സംസ്ഥാന നികുതി കമ്മീഷണറുടെ വകുപ്പുതല നടപടിക്രമങ്ങളിലൂടെ നികത്തിയിട്ടുണ്ട്. സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിൽ ട്രെയിനിംഗ് പൂർത്തിയാക്കി വരുന്നവരെ നിയമിക്കുന്നതിനായി തത്തുല്യമായ ഒഴിവുകൾ മാറ്റിവച്ചിട്ടുണ്ട്. 2021 വർഷത്തെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട പ്രസ്തുത തസ്തികകളിലേക്കുള്ള എല്ലാവർക്കും നിയമനം നൽകിയിട്ടുണ്ട്. എന്നാൽ അന്യത്ര സേവനം, മരണം പോലുള്ള ചില ആകസ്മിക കാരണങ്ങളാലും പുതുതായി ഒഴിവുകൾ വന്നുചേർന്നിട്ടുണ്ട്. നിലവിൽ ഒരു ജോയിന്റ് കമ്മീഷണറുടെയും രണ്ട്

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly